ഉത്തരം

(എ) 1985 ഏപ്രിൽ 1-ാം തീയതി മുതൽ ഗാർഹികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഗാർഹിക കണക്ഷനുകൾ പ്രത്യേക മുൻഗണന പ്രകാരം ലഭിക്കുന്നതിന് കോൺട്രിബ്യൂഷൻ സ്വീകരിക്കാവുന്നതാണെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിച്ച് കോൺട്രിബ്യൂഷൻ നൽകാൻ തയ്യാറാണെന്ന് സ്വമേധയാ രേഖാമൂലം അറിയിക്കുന്ന അപേക്ഷകരിൽനിന്നും കോൺട്രിബ്യൂഷൻ സ്വീകരിക്കുന്നതിന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ബോർഡ് അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോഴത്തെ നടപടിക്രമം മാറേണ്ട ആവശ്യം കാണുന്നില്ല.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള സ്പെഷ്യൽ ഓർഡർ

201 [217] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മുതൽ 1986 മെയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും വൈദ്യുതി കണക്ഷനുവേണ്ടി എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഇതിൽ കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ട്;

(സി) കോൺട്രിബ്യൂഷൻ ഇല്ലാതെ എത്ര സ്പെഷ്യൽ ഓർഡർ നൽകിയിട്ടുണ്ട്?

ഉത്തരം

(എ)

തിരുവനന്തപുരം	—	14,868	എണ്ണം
കൊല്ലം	—	5,138	,,
പത്തനംതിട്ട	—	698	,,
ആലപ്പുഴ	—	1,686	,,
കോട്ടയം	—	8,759	,,
ഇടുക്കി	—	2,368	,,
എറണാകുളം	—	4,150	,,
തൃശ്ശൂർ	—	151	,,
പാലക്കാട്	—	201	,,
മലപ്പുറം	—	536	,,
വയനാട്	—	290	,,
കോഴിക്കോട്	—	805	,,
കണ്ണൂർ	—	1,504	,,
കാസർഗോഡ്	—	155	,,
ആകെ		41,309	എണ്ണം

(ബി) 15,275 എണ്ണം.

(സി) 26,034 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly